

International
Labour
Organization

മാന്യമായ തൊഴിൽ സാഹചര്യങ്ങൾ,
സുരക്ഷ, സാമൂഹിക പരിരക്ഷണം

# മത്സ്യബന്ധന ജോലി ഉടമ്പടി നമ്പർ 188

# ശുപാർശ നമ്പർ 199



# മത്സ്യബന്ധന ജോലി ഉടമ്പടിയും ശുപാർശകളും

അടുത്തകാലത്തായി മത്സ്യബന്ധനവും പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ വിപണിയും കൂടുതൽ ആഗോളവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മത്സ്യബന്ധന സാങ്കേതിക വിദ്യകളും അതിവേഗം മാറികൊണ്ടിരിക്കുന്നതിനാൽ ഇത് പലപ്പോഴും മത്സ്യബന്ധനം നത്തുന്ന രീതിയെത്തന്നെ മാറ്റുന്നു. അന്തർദേശീയ യാത്രകൾ നടത്തുന്ന വലിയ കപ്പലുകൾ ആയാലും അല്ലെങ്കിൽ കരയോട് ചേർന്നുള്ള ആഭ്യന്തര ജലത്തിൽ പ്രവർത്തിക്കുന്ന ചെറിയ ബോട്ടുകൾ ആയാലും എല്ലാ മത്സ്യതൊഴിലാളികൾക്കും (ആണും, പെണ്ണും) പ്രസക്തമായ ഒരു ആഗോള തൊഴിൽ നിലവാരം ഈ മാറ്റങ്ങൾ ആവശ്യപ്പെടുന്നു.

പുതിയ ഐഎൽഒ മത്സ്യബന്ധന ജോലി ഉടമ്പടിയും അതി നോടൊപ്പമുള്ള ശുപാർശയും ഇതിനുള്ള മാനദ്ണ്ഡം നൽകുന്നു. 2007 ജൂണിൽ വർദ്ധിച്ച പിന്തുണയോടെ പാസാക്കിയ ഉടമ്പടി മത്സ്യബന്ധന വ്യവസായത്തിൽ നേരിടുന്ന പ്രത്യേക തൊഴിൽ സാഹചര്യങ്ങളെയും അവസ്ഥകളെയും അഭിസംബോധന ചെയ്യുന്നു.

വഴക്കമുള്ളതായതിനാൽ ഇത് എല്ലാത്തരം വാണിജ്യ മത്സ്യബന്ധനത്തിനും പ്രസക്തമാണ്, മാത്രമല്ല ലോകമെമ്പാടുമുള്ള സർക്കാരുകൾക്ക് അവരുടെ സാഹചര്യങ്ങൾ എന്ത് തന്നെയായാലും ഇത് നടപ്പാക്കാം. ഈ ഉടമ്പടി ദേശീയ നിയമങ്ങളിലേക്കോ ചട്ടങ്ങളിലേക്കോ മറ്റ് നടപടികളിലേക്കോ സർക്കാരുകൾ വിവർത്തനം ചെയ്യുന്നതിന് ലോകമെമ്പാടുമുള്ള പിന്തുണയാണ് അടുത്ത ഘട്ടം. ആദ്യ പത്ത് രാജ്യങ്ങൾ (എട്ട് എണ്ണം തീരപ്രദേശങ്ങൾ ഉള്ളവ) അംഗീകരിച്ച് പന്ത്രണ്ട് മാസത്തിനുശേഷം ഉടമ്പടി പ്രാബല്യത്തിൽ വരും.

ലോകമെമ്പാടുമുള്ള മത്സ്യതൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളെ പരിവർത്തനം ചെയ്യാൻ കഴിവുള്ള ഒരു പ്രധാന നിയമ ഉപകരണത്തെക്കുറിച്ച് ഈ ലഘുലേഖ കൂടുതൽ വിവരങ്ങൾ നൽകുന്നു.

''മത്സ്യബന്ധന മേഖലയിൽ നിരവധി ആളുകൾ അസാധാരണമായതും പ്രവചനാതീതവും അപകടകരവുമായ സാഹചര്യങ്ങളിൽ ദീർഘനേരം പ്രവർത്തിച്ചുകൊണ്ടാണ് നമ്മുടെ വിപണികളിലേക്ക് മീൻ എത്തിക്കുന്നത്. ഈ ഉപകരണം അവരെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ സഹായിക്കും''

ജൂവാൻ സോമാവിയ
ഡയറക്ടർ ജനറൽ
അന്താരാഷ്ട്ര തൊഴിൽ സംഘടന

മത്സ്യബന്ധന ജോലി ഉടമ്പടി എന്നത് 'മത്സ്യതൊഴിലാളികളെ' സൂചിപ്പിക്കുന്നു. ഒരു മത്സ്യബന്ധന കപ്പലിൽ ജോലി ചെയ്യുന്ന എല്ലാവരെയും ഈ പദം കൊണ്ട് അർത്ഥമാക്കുന്നു. (ചില ആളുകൾ ഉദാഹരണത്തിന് പൈലറ്റ്മാരെയും മത്സ്യബന്ധന നിരീക്ഷകരെയും ഈ നിർവചനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്).

ലോകമെമ്പാടും പതിനഞ്ച് ദശലക്ഷത്തിലധികം ആളുകൾ മത്സ്യബന്ധന കപ്പലുകളിൽ മുഴുവൻ സമയം ജോലി ചെയ്യുന്നുണ്ട്.

ഒരു കാലത്ത് പ്രാദേശികമായി മാത്രം ഉപയോഗിച്ചിരുന്ന മത്സ്യം ഇപ്പോൾ ലോകത്തിന്റെ മറുവശത്തുള്ള ഉപ ഭോക്താക്കൾക്കും റെസ്റ്റോറന്റുകൾക്കും സംസ്കരിച്ച് അയക്കുന്നു.

മത്സ്യശേഖരം കുറയുമ്പോൾ ചില മത്സ്യതൊഴിലാളികൾ പുറംകടലിൽ കൂടുതൽ ദൂരത്തിൽ അപകട സാധ്യ സൃഷ്ടിച്ചുകൊണ്ട് മത്സ്യ ബന്ധനത്തിനു പോകേണ്ടി വരുന്നു.

‘‘ മീൻ പിടുത്തം ഒരു സമാന തകളില്ലാത്ത ജീവിത രീതിയാണ്. ഈ പുതിയ ഉടമ്പടി ഈ പ്ര ത്യേകത മാത്രമല്ല, എക്കാലത്തെയും വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയിലെ ആഗോളവൽക്കരണത്തിന്റെ ആവശ്യങ്ങളെയും പ്രതി ഫലിപ്പിക്കുന്നു, അത് പുരുഷൻമാരെയും സ്ത്രീകളെയും ഗണ്യമായ പ്രയാസങ്ങളിലേക്കും അപ കടത്തിലേക്കും നയിക്കുന്നു.’’

ക്യാപ്റ്റൻ നിഗൽ കാമ്പൽ, ദക്ഷിണാഫ്രിക്കൻ മാരിടൈം സേഫ്റ്റി അതോറിറ്റി അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിന്റെ 56 ാമത് സെഷണിൽ മത്സ്യബന്ധന മേഖലയെക്കുറിച്ചുള്ള കമ്മറ്റി ചെയർ പേഴ്സൺ

# എന്തുകൊണ്ടാണ് മത്സ്യതൊഴിലാളികൾക്ക് പ്രത്യേക സംരക്ഷണം ആവശ്യമായി വരുന്നത്?

മത്സ്യബന്ധന വ്യവസായത്തിന്റെ പ്രത്യേകതകളും മത്സ്യതൊഴിലാളികൾ അവരുടെ ദൈനംദിന തൊഴിൽ ജീവിതത്തിൽ അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളും പ്രതിഫലിക്കുന്നതിനാണ് മത്സ്യബന്ധന തൊഴിൽ ഉടമ്പടിയിലെ ‘‘Work in Fishing Convention’’ രൂപകൽപന ചെയ്തിരിക്കുന്നത്.

മത്സ്യതൊഴിലാളികൾക്ക് മറ്റ് മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ തൊഴിൽ സാഹചര്യങ്ങളുണ്ട്. മത്സ്യതൊഴിലാളികളുടെ മരണ നിരക്ക് മറ്റ് തൊഴിലാളികളെക്കാൾ പല മടങ്ങ് കൂടുതലാണ്. അഗ്നിശമന സേന, ഖനനം തുടങ്ങിയ തൊഴിലുകളുമായി താരതമ്യപ്പെടുത്തുമ്പോൾപേ ാലും മത്സ്യബന്ധനം അപകടകരമാണ്.

പല ജോലികളിലും ജോലിസമയവും വ്യക്തിഗത സമയവും തമ്മിൽ വ്യക്തമായ വേർതിരിവ് ഇല്ല. പല മത്സ്യതൊഴിലാളികളും ജോലി ചെയ്യുന്നതും താമസിക്കുന്നതും അവരുടെ ബോട്ടിൽ തന്നെയാണ്, തിരക്കേറിയതും ഇടുങ്ങിയതുമായ സാഹചര്യങ്ങളിൽ വീട്ടിൽ നിന്നും വളരെ നീണ്ട ഇടവേളകളും വളരെ നീണ്ട ജോലി സമയവും ഉണ്ടാകാം. മതിയായ ഭക്ഷണം നല്ല കുടിവെള്ളം അതുപോലെ വിശ്രമ സമയങ്ങളിൽ വിനോദത്തിനുള്ള സൗകര്യങ്ങൾ ഒക്കെയും വലിയ പ്രശ്നം തന്നെയാണ്. ദൈർഘ്യമേറിയ ജോലി സമയവുമായി ബന്ധപ്പെട്ടിരിക്കുന്ന ക്ഷീണം ഗുരുതരമായ പ്രശ്നമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

മത്സ്യബന്ധന മേഖലയെ വ്യത്യസ്ഥമാക്കുന്ന മറ്റു ഘടകങ്ങളുണ്ട്. ഉദാഹരണത്തിന്, മത്സ്യത്തൊഴിലാളികൾക്ക് നിശ്ചിത വേതനം ലഭിക്കുന്നതിനു പകരം ബോട്ടിൽ പിടിക്കുന്ന മത്സ്യത്തിന്റെ മൂല്യത്തിന്റെ ഒരു വിഹിതത്തിന്റെ അടിസ്ഥാനത്തിലാണ് പലപ്പോഴും കൂലി നൽകുന്നത്. പരമ്പരാഗത അർത്ഥത്തിൽ മത്സ്യതൊഴിലാളികൾ ജോലിക്കാരായിരിക്കില്ല, കാരണം ധാരാളം പേർ ഉടമ നടത്തിപ്പുകാരാണ് അല്ലെങ്കിൽ സ്വയം തൊഴിലാളികളായി കണക്കാക്കപ്പെടുന്നു. കരയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഉചിതമായേക്കാവുന്ന നടപടിക്രമങ്ങളും സുരക്ഷകളും മത്സ്യതൊഴിലാളികൾക്ക് ഉചിതമോ ഫലപ്രദമോ ആയിരിക്കില്ല അതിനാൽ ‘‘മാന്യമായ തൊഴിൽക്കമ്മി’’ ഉണ്ടാകുന്നു.

# ആരാണ് മത്സ്യബന്ധന ജോലി ഉടമ്പടിയുടെ പരിധിയിൽ വരുന്നത്?

മത്സ്യബന്ധനം നടത്തുന്ന രീതി ഓരോ രാജ്യത്തും ഓരോരോ മത്സ്യബന്ധനത്തിനും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ഒരു ഭാഗത്ത് വളരെ വലിയ വാണിജ്യ കപ്പലുകളുണ്ട്: ഒരുപക്ഷേ 1,50,000 മത്സ്യതൊഴിലാളികൾ 2500ൽ അധികം കപ്പലുകളിൽ തൊഴിലെടുക്കുന്നു, ചിലത് 1000 ടൺ അല്ലെങ്കിൽ ചരക്ക് കപ്പലുകളെ പോലെ വളരെ വലുതാണ്. എന്നിരുന്നാലും ഭൂരിപക്ഷവും ചെറിയ (ചിലപ്പോൾ വളരെ ചെറിയ) ബോട്ടുകളിലാണ്. 100 ടണ്ണിൽ താഴെയുള്ള ചെറിയ കപ്പലുകളിൽ അഞ്ചര ദശലക്ഷം മത്സ്യതൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നും എഞ്ചിൻ ഘടിപ്പിച്ച തുറന്ന (തട്ട് ഇല്ലാത്ത) ബോട്ടുകളിൽ നാല് ദശലക്ഷം പേർ ജോലി ചെയ്യുന്നുണ്ടെന്നും കൂടാതെ അഞ്ച് ദശലക്ഷം പേർ യന്ത്രം ഘടിപ്പിക്കാത്ത തുറന്ന ബോട്ടുകളിൽ ഉപജീവനമാർഗം നേടുന്നുവെന്നും ഒരു പഠനം സൂചിപ്പിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ 90% ൽ അധികം പേർ ജോലി ചെയ്യുന്നത് 24 മീറ്ററിൽ താഴെ നീളമുള്ള ബോട്ടുകളിലാണ്.

ഈ വ്യത്യസ്ത തരം വാണിജ്യ മത്സ്യബന്ധനങ്ങളെല്ലാം മത്സ്യബന്ധന ഉടമ്പടിയുടെ പരിധിയിൽ ജോലി നോക്കുന്നവരാണ്. ഉപജീവന മത്സ്യബന്ധനവും വിനോദ മത്സ്യബന്ധനവും മാത്രം പ്രത്യേകമായി ഒഴിവാക്കിട്ടുണ്ട്.

ഉടമ്പടി വഴക്കമുള്ളതാവാൻ ഭാഗികമായുള്ള കാരണം മത്സ്യതൊഴിലാളികളുടെ വൈവിധ്യമാർന്ന ജോലി സാഹചര്യങ്ങളാണ്. ഉദാഹരണത്തിന്, ഉടമ്പടിയുടെ ചില വ്യവസ്ഥകൾ 24 മീറ്ററിൽ കൂടുതൽ നീളമുള്ള കപ്പലുകൾക്ക് അല്ലെങ്കിൽ 3 ദിവസമോ അതിൽ കൂടുതലോ സമയം കടലിൽ തങ്ങുന്നവരെ മാത്രം ബാധിക്കുന്നതാണ്.

ആഗോള മത്സ്യബന്ധന വ്യവസായത്തിൽ ഏഷ്യക്ക് പ്രത്യേക പ്രാധാന്യമുണ്ട്: ലോകത്തിലെ മത്സ്യത്തൊഴിലാളികളുടെ 80% ഏഷ്യയിലാണ്.




# മത്സ്യബന്ധനതൊഴിൽ ഉടമ്പടിയുടെ പശ്ചാത്തലം

മത്സ്യബന്ധനതൊഴിൽ ഉടമ്പടി (ILO Convention 188) 2007 ജൂൺ 14 ന് ജനീവയിൽ വച്ച് നടന്ന അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) യുടെ വാർഷിക സമ്മേളനത്തിൽ പാസ്സായി. ഹിതപരിശോധന വളരെയധികം അനുകൂലമായിരുന്നു. 437 പേർ അനുകൂലിച്ചു, 2 പേർ എതിർത്തു, 22 പേർ വിട്ടുനിന്നു.

ഹിതപരിശോധന മീൻപിടുത്തത്തെക്കുറിച്ച് നേരിട്ട് ആശങ്കയുള്ളവർ തമ്മിലുള്ള ഒരു സംവാദ ഒപ്പം കരാർ പ്രക്രിയയുടെ പര്യവസാനത്തെ പ്രതിനിധീകരിച്ചു. ഐഎൽഒയുടെ ത്രികക്ഷിപര ഘടനയ്ക്ക് അനുസൃതമായി നടന്ന ചർച്ചകളിൽ സർക്കാർ പ്രതിനിധികളും (ഐഎൽഒയ്ക്ക് 180 ൽ അധികം അംഗരാജ്യങ്ങളുണ്ട്), തെഴിലുടമകളും (മത്സ്യബന്ധന കപ്പൽ ഉടമകൾ) മത്സ്യതൊഴിലാളികളും പങ്കെടുത്തു. 2007 ലെ ഹിതപരിശോധന 2001 ൽ ആരംഭിച്ച ഒരു നീണ്ട കാലയളവിലെ ഗവേഷണങ്ങളുടെ പ്രതിഫലനവും മുമ്പത്തെ ഐഎൽഒ വാർഷിക സമ്മേളനത്തിലെ സംവാദങ്ങളും ഉൾപ്പെട്ടതുമാണ്.

മുകളിൽ സൂചിപ്പിച്ചത് പോലെ മത്സ്യബന്ധന തൊഴിൽ ഉടമ്പടിയിലെ പത്ത് രാജ്യങ്ങൾ അംഗീകരിച്ചാൽ അതിൽ എട്ടെണ്ണം തീരപ്രദേശങ്ങൾ ഉള്ളവ, ഒരു വർഷത്തിനുശേഷം നിലവിൽവരും. ഇത് അംഗീകരിക്കുന്നതിന് തിരഞ്ഞെടുക്കുന്ന അംഗരാജ്യങ്ങളെ ഉടമ്പടി നിയമപരമായി ബാധിക്കും.

മത്സ്യബന്ധനത്തിനുള്ള കുറവു നികർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ശുപാർശ (ശുപാർശ 199) 2007ൽ നടന്ന സമ്മേളനം അംഗീകരിച്ചു. ഉടമ്പടി വ്യവസ്ഥകൾ എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ രാജ്യങ്ങൾക്ക് ഈ ശുപാർശ നൽകുന്നു. ഈ മേഖലയിലെ ഐഎൽഒയുടെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താൻ സമ്മേളനം അനേകം പ്രമേയങ്ങളും അംഗീകരിച്ചു.





മത്സ്യബന്ധന മേഖലയിലെ അവസ്ഥയെക്കുറിച്ചുള്ള മുൻ ഐഎൽഒ ഉപകരണങ്ങൾ (1920, 1959, 1966) മാറ്റിസ്ഥാപിക്കുന്നതിന് ഉടമ്പടിയും ശുപാർശയും ലക്ഷ്യമിടുന്നു. ഇവയെല്ലാം വാണിജ്യ മത്സ്യബന്ധനത്തിന്റെ ആധുനികവും ആഗോളവൽക്കരിക്കപ്പെട്ടതുമായ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നില്ല, ഇവ കേവലം കാലഹരണപ്പെട്ടതായി കണക്കാക്കപ്പെടുന്നു. പഴയ ഉടമ്പടികൾ അംഗീകരിച്ച രാജ്യങ്ങൾ പുതിയത് അംഗീകരിക്കുന്നതുവരെ അവരുടെ നിബന്ധനകൾക്ക് വിധേയമായി തുടരും (പഴയ ഉടമ്പടി അംഗീകരിക്കാത്ത രാജ്യങ്ങൾ മത്സ്യബന്ധന തൊഴിൽ ഉടമ്പടി 2007 അംഗീകരിക്കാൻ മാത്രമേ കഴിയൂ).

ലോകമെമ്പാടുമുള്ള മത്സ്യതൊഴിലാളികൾക്ക് ഒരു ആധുനിക നിയമ ഉപകരണത്തിലൂടെ വ്യാപകമായി അംഗീകരിച്ച മാന്യമായ തൊഴിൽ ഉറപ്പാക്കുക എന്നതാണ് ഈ ഉടമ്പടികൊണ്ട് ലക്ഷ്യമിടുന്നത്.

# മത്സ്യബന്ധന തൊഴിൽ ഉടമ്പടിക്ക് കീഴിൽ എന്ത് പരിരക്ഷയാണ് നൽകുന്നത്?

മത്സ്യബന്ധന കപ്പലുകളിൽ മാന്യമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് അത്യാവശ്യമായ പ്രശ്നങ്ങൾ ഉടമ്പടി അഭി സംബോധന ചെയ്യുന്നു. ഉദാഹരണത്തിന്, ഇത്:

സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള അവസരങ്ങൾ വികസിപ്പിക്കുന്നതിലൂടെ മാന്യവും ഉൽപാദനപരവുമായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും സ്വാതന്ത്ര്യം, സമത്വം, സുരക്ഷ, മനുഷ്യന്റെ അന്തസ്സ് എന്നിവയ്ക്കുവേണ്ടിയാണ് ഐഎൽഒ സമർപ്പിതമായിരിക്കുന്നത്. മാന്യമായ ജോലി എന്നാൽ ഉൽപാദനപരമായ ജോലിയാണ്, അതിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു, അത് മതിയായ വരുമാനം ഉണ്ടാക്കുന്നു, മതിയായ സാമൂഹ്യപരിരക്ഷണം നൽകുന്നു. മത്സ്യതൊഴിലാളികൾക്കും മറ്റ് തൊഴിലാളികളെപോലെ മാന്യമായ തൊഴിലിൽ അർഹതപ്പെട്ടവരാണ്.

- കപ്പലിന്റെയും മത്സ്യബന്ധന തൊഴിലാളികളുടെയും സുരക്ഷ മത്സ്യബന്ധന കപ്പൽ ഉടമകളുടെയും കപ്പിത്താൻമാരുടെയും ഉത്തരവാദിത്വമാണെന്ന് സ്ഥാപിക്കുന്നു (ചട്ടം 8);
- യുവ മത്സ്യതൊഴിലാളികൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ ബോട്ടുകളിൽ ജോലി ചെയ്യുന്നതിന് കുറഞ്ഞ പ്രായം നിശ്ചയിക്കുന്നു (ചട്ടം 9);
- മത്സ്യബന്ധനകപ്പലുകളിലെ ജോലികളെ വൈദ്യശാസ്ത്രപ്ര കാരമുള്ള ആരോഗ്യസ്ഥിതി ഉറപ്പാക്കാൻ മത്സ്യതൊഴിലാളികൾ അവരുടെ ആനുകാലിക പരിശോധനയ്ക്ക് വിധേയരാകേണ്ട തുണ്ട് (ചട്ടം 10–12);
- മത്സ്യബന്ധന കപ്പലുകൾ വേണ്ടത്ര കാര്യക്ഷമമാ യിരിക്കണമെന്നും, വേണ്ടത്ര തൊഴിലാളികൾ ഉണ്ടാ യിരിക്കണമെന്നും കപ്പൽ ഒരു സമർത്ഥനായ കപ്പിത്താന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും ആവശ്യപ്പെടുന്നു, കൂടാതെ കപ്പലിലുള്ള മത്സ്യതൊഴിലാളികൾക്ക് മതിയായ വിശ്രമ സമയം നൽകേണ്ടതുമാണ് (നിബന്ധനകൾ 13–14);
- മത്സ്യബന്ധന കപ്പലുകളിൽ ഒരു തൊഴിലാളികളുടെ പേര് പട്ടികയും (രൃലം ഹശേ) പട്ടികയിലുള്ള മത്സ്യതൊഴിലാള ികളും ഉണ്ടായിരിക്കണം, അവർ ജോലി ചെയ്യുന്ന ഒപ്പുവച്ച കര റിന്റെ പരിരക്ഷണം ലഭിക്കണമെങ്കിൽ, എന്ന് നിബന്ധനകൾ വ്യക്തമാക്കുന്നു (നിബന്ധന 15–20, അനുബന്ധം 11);
- കരാറുകൾ കാലഹരണപ്പെടുമ്പോൾ മത്സ്യതൊഴിലാളികളെ സ്വദേശത്ത് തിരിച്ചെത്തിക്കാൻ അർഹതയുണ്ട്- മറ്റ് കാരണങ്ങളാൽ, ഒപ്പം മത്സ്യതൊഴിലാളികൾ പണം നൽകുന്നത് നിരോധിക്കുകയും ചെയ്യുന്നു, അവരുടെ ജോലിക്ക്, അല്ലെങ്കിൽ അവരെ കരിമ്പട്ടികയിൽപ്പെടുത്തുക (നിബന്ധന 21–22);
- മത്സ്യതൊഴിലാളികൾക്ക് എങ്ങനെ പണം നൽകാമെന്നും യാതൊരു ചിലവും കൂടാതെ പണം അവരുടെ വീട്ടിലേക്ക് കുടുംബങ്ങളിലേക്ക് എത്തിച്ചുനൽകാനുള്ള വഴിയും ഉണ്ടാ യിരിക്കണമെന്നും അഭിസംബോധന ചെയ്യുന്നു (നിബന്ധന 23–24);
- താമസസ്ഥലത്തിനും ഭക്ഷണത്തിനുമുള്ള നിലവാരം നിശ്ച യിക്കുന്നു (നിബന്ധനകൾ 25,28 അനുബന്ധം 111);
- തൊഴിൽ സുരക്ഷയ്ക്കും ആരോഗ്യത്തിനും കൂടാതെ മത്സ്യബന്ധന കപ്പലുകളിൽ പ്രാഥമിക ശുശ്രൂഷ ആവശ്യകത കൾ സ്ഥാപിക്കുന്നു (നിബന്ധനകൾ 31–33);
- സാമൂഹ്യസുരക്ഷ പരിരക്ഷയിൽ നിന്ന് മത്സ്യതൊഴിലാളികൾക്ക് അവരുടെ നാട്ടിൽ മറ്റ് തൊഴിലാളികൾക്ക് നൽകുന്നതിനേക്കാൾ പ്രയോജനം ലഭിക്കുമെന്ന് ഉറപ്പാക്കുന്നു; കൂടാതെ അവരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട രോഗം, പരിക്ക്, അല്ലെങ്കിൽ മരണം എന്നീ കേസുകളിൽ കുറഞ്ഞ പരിരക്ഷ നൽകുന്നു (നിബന്ധനകൾ 34–39).

മുകളിൽ സൂചിപ്പിച്ച ലേഖനങ്ങളിൽ വിശദാംശങ്ങളോടെ നൽകിയിരിക്കുന്ന ഇവ തീർച്ചയായും ചില പ്രധാന ആശയങ്ങൾ മാത്രമാണ്. ഈ ഉടമ്പടി ഉയർന്ന് ആവശ്യകതകളാണ് ചില കപ്പലുകൾക്ക് നൽകുന്നത് (ഉദാ: കൂടുതൽ ദിവസങ്ങൾ കടലിൽ ചിലവഴിക്കുന്ന വലിയ കപ്പലുകൾ) അതുപോലെ മറ്റ് കപ്പലുകൾ (ഉദാ: തുറമുഖത്തിനോടടുത്ത കടലിൽ കുറച്ച് ദിവസങ്ങൾ മാത്രം പ്രവർത്തിക്കുന്നവ) ഉടമ്പടിയിലെ ആവശ്യകതകൾ എങ്ങനെയാണ് പാലിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്നും ഇത് വ്യക്തമാക്കുന്നു (ലേഖനങ്ങൾ 40–44).

ഈ ലഘുപുസ്തകം ഈ സൂചനകളിൽ ചിലത് കൂടുതൽ വിശദമായി താഴെ വിവരിക്കുന്നതാണ്.



പല രാജ്യങ്ങളുടെ നിയമങ്ങളും വ്യവസ്ഥകളും കടൽയാത്രികരുടെ ജോലിയുടെ അവസ്ഥ അഭിസംബോധന ചെയ്യുന്നു. ഭാഗികമായെങ്കിലും മത്സ്യതൊഴിലാളികളുടെ ജോലിയുടെ അവസ്ഥയും അഭിസംബോധന ചെയ്യുന്നു. എന്നിരുന്നാലും മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലപ്പോഴും ചരക്ക് അല്ലെങ്കിൽ യാത്രാകപ്പലിലെ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഇക്കാരണത്താൽ കപ്പലിലെ ജോലിയുടെ അവസ്ഥകളെക്കുറിച്ച് പ്രതിപാദിക്കുന്ന മാരിടൈം ലേബർ കൺവെൻഷൻ, 2006 (MLC) മത്സ്യബന്ധന കപ്പലുകളെ ഇതിന്റെ പ്രയോഗത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. അതിനാൽ കടൽയാത്രക്കാർക്കുള്ള ദേശീയ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തുന്ന രാജ്യങ്ങൾ MLC യും ഒപ്പം മത്സ്യബന്ധന ഉടമ്പടിയിലെ പ്രവർത്തനങ്ങളും ഒരുമിച്ച് പരിഗണിക്കാൻ ആഗ്രഹിച്ചേന്നിരിക്കും, അങ്ങനെ കടൽയാത്രക്കാരും മത്സ്യതൊഴിലാളികളും, തീരദേശത്തും ഉൾനാടൻ ജലാശയങ്ങളിലടക്കം ജോലിചെയ്യുന്നവരും പുതുക്കിയ കൂടാതെ സമഗ്രമായ നിയമ പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

# ഉടമ്പടിയെ അടുത്ത റിയുമ്പോൾ

മത്സ്യബന്ധന തൊഴിൽ ഉടമ്പടിയിൽ കുറഞ്ഞ പ്രായവും ചെറുപ്പക്കാരുടെ സംരക്ഷണവും ഉൾപ്പെടെയുള്ള മറ്റ് ഐഎൽഒ മാനദണ്ഡങ്ങ ളുമായി പൊരുത്തപ്പെടുന്നു, 1973 ലെ കുറഞ്ഞ പ്രായ ഉടമ്പടിയും 1999 ലെ ബാലവേല ഉടമ്പടിയുടെ മോശം രൂപങ്ങളും അടക്കം.

മീൻപിടുത്ത കപ്പലിലെ ജോലിയുടെ അവസ്ഥയ്ക്ക് ആത്യന്തികമായി ഉത്തരവാദിത്വമുള്ളത് കപ്പലിന്റെ ഉടമക്കാണെന്ന് ഉടമ്പടി വ്യക്തമാക്കുന്നു. ഇത് നൽകുന്നതെന്തെന്നാൽ:

☑ **മത്സ്യബന്ധനകപ്പൽ ഉടമക്ക് മൊത്തത്തിൽ കപ്പിത്താന് ഈ ഉടമ്പടിയുടെ ബാധ്യതകൾ അനുസരിക്കാൻ ആവശ്യമായ വിഭവങ്ങളും സൗകര്യങ്ങളും ഉറപ്പിക്കാനുള്ള ആകെ ഉത്തരവാദിത്വം മത്സ്യബന്ധനകപ്പൽ ഉടമയ്ക്കാണ്.**

കപ്പിത്താൻ (ഒരു കപ്പലിന്റെ ചുമതലയുള്ള വ്യക്തിക്ക്) അവന്റെയോ അവളുടെയോ ഉത്തരവാദിത്വങ്ങളുണ്ട്. ഉടമ്പടി ഇത് നൽകുന്നു.

☑ **കപ്പലിലെ മത്സ്യതൊഴിലാളികളുടെ സുരക്ഷയും കപ്പലിന്റെ സുരക്ഷിതമായ പ്രവർത്തനവും കപ്പിത്താന്റെ ഉത്തരവാദിത്വമാണ്.**

ചട്ടം 8 ൽ ഈ ഉത്തരവാദിത്വങ്ങൾ കൂടുതൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.



അവസാനമായി മത്സ്യതൊഴിലാളികൾക്ക്തന്നെ ഉത്തരവാദിത്വങ്ങളുണ്ടെന്ന് തിരിച്ചറിയുന്നു:

- ✓ **മത്സ്യതൊഴിലാളികൾ കപ്പിത്താന്റെ നിയമാനുസൃതമായ ഉത്തരവുകളും ബാധകമായ സുരക്ഷയും ആരോഗ്യനടപടികളും പാലിക്കണം.**



# ഉടമ്പടിയെ അടുത്ത റിയുമ്പോൾ

## ആർക്കാണ് ഒരു മത്സ്യതൊഴിലാളി ആകാൻ കഴിയുക?

മത്സ്യതൊഴിലാളികൾക്ക് ഉടമ്പടി പ്രകാരം ഒരു കുറഞ്ഞ പ്രായം നിർവചിച്ചിരിക്കുന്നു. ഈ തത്വം താഴെ വിവരിക്കുന്ന രീതിയിൽ ഉടമ്പടിയിൽ വിവരിക്കുന്നു:

✓ **ഒരു മത്സ്യബന്ധന കപ്പലിൽ ജോലിചെയ്യുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 16 വയസ്സ് ആണ്.**

പതിനഞ്ചു വയസ്സുള്ള കുട്ടികൾ മത്സ്യതൊഴിലാളികളായി ജോലിചെയ്യാനുള്ള സാധ്യത ഉടമ്പടി അനുവദിക്കുന്നു, പക്ഷേ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം.

ചില സാഹചര്യങ്ങളുണ്ട്, ഉദാഹരണത്തിന് സുരക്ഷയും ആരോഗ്യപ്രശ്നങ്ങളും കണക്കിലെടുക്കുമ്പോൾ, ചില ജോലികൾക്ക് മത്സ്യതൊഴിലാളികളെ നിയോഗിക്കാൻ കുറഞ്ഞ പ്രായം 18 ആയിരിക്കണം. ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അപകടങ്ങൾ കണക്കിലെടുത്ത് മത്സ്യബന്ധനകപ്പൽ ഉടമകളുമായും മത്സ്യതൊഴിലാളി പ്രതിനിധികളുമായും കൂടിയാലോചിച്ചശേഷം ദേശീയതലത്തിൽ ഈ പ്രവർത്തനങ്ങൾ നിർണ്ണയിക്കണം.





## വൈദ്യപരിശോധനയുടെ ആവശ്യകത

മത്സ്യബന്ധനകപ്പലുകളിൽ ജോലിചെയ്യാൻ ഒരു നിശ്ചിത അളവിൽ കായികക്ഷമത ആവശ്യമുള്ളതിനാൽ, സാധാരണയായി മത്സ്യതൊഴിലാളികൾക്ക് സാധ്യമായ വൈദ്യശാസ്ത്രസംബന്ധിയായ ഒരു സാക്ഷ്യപത്രം ഉണ്ടായിരിക്കണം. പരിശോധനയ്ക്ക് വിധേയരായ മത്സ്യതൊഴിലാളികളെ മാത്രമല്ല കപ്പലിലെ മറ്റ് മത്സ്യതൊഴിലാളികളെയും സംരക്ഷിക്കാൻ വൈദ്യപരിശോധന സഹായിക്കുന്നു. ഉടമ്പടി താഴെ കൊടുത്തിട്ടുള്ളവ നൽകുന്നു:

✓ **മത്സ്യതൊഴിലാളികൾ കായികക്ഷമത സാക്ഷ്യപ്പെടുത്തുന്ന സാധ്യമായ വൈദ്യപരിശോധന സാക്ഷ്യപത്രം ഇല്ലാതെ ഒരു മത്സ്യബന്ധന കപ്പലിൽ ജോലിക്ക് കയറരുത്.**

ചില സാഹചര്യങ്ങളിൽ 24 മീറ്ററിൽ താഴെ നീളമുള്ള അല്ലെങ്കിൽ മൂന്ന് ദിവസത്തിൽ താഴെ മാത്രം കടലിൽ തുടരുന്ന മത്സ്യതൊഴിലാളികൾക്ക് ഈ ആവശ്യകത ഒഴിവാക്കാനാകും.

ഉടമ്പടിയെ അനുമോദിക്കുന്ന മത്സ്യബന്ധനതൊഴിൽ ശുപാർശ, നല്ല പ്രവർത്തിയെക്കുറിച്ച് കൂടുതൽ വിശദമായ ഉപദേശം നൽകുന്നു. ഒരു വ്യക്തിയുടെ പ്രായവും ചെയ്യാൻപോകുന്ന പണിയും കണക്കിലെടുത്തു കൊണ്ടായിരിക്കണം വൈദ്യ പരിശോധന എന്ന് ഇത് സൂചിപ്പിക്കുന്നു. കടലിൽ ജോലിചെയ്യുന്ന ആളുകളുടെ മെഡിക്കൽ ഫിറ്റ്നസ് പരിശോധനയുമായി ബന്ധപ്പെട്ട് ഐഎൽഒ യും ലോകാരോഗ്യ സംഘടനയും വികസിപ്പിച്ച മാർഗ്ഗനിർദ്ദേശത്തിലേക്ക് ഇത് ശ്രദ്ധ ആകർഷിക്കുന്നു.



# ഉടമ്പടിയെ അടുത്ത റിയുമ്പോൾ

## കപ്പൽ നിയന്ത്രിക്കലും ജോലി സമയവും

വേണ്ടത്ര വിശ്രമമില്ലാതെ വളരെയധികം സമയം തുടർച്ചയായി ജോലി ചെയ്യുന്നതിനാലുണ്ടാകുന്ന ക്ഷീണമെന്ന ഗുരുതരമായ പ്രശ്നത്തെ ഉടമ്പടി അഭിസംബോധന ചെയ്യുന്നു. ഇത് കൈകാര്യം ചെയ്യുന്നത് ഇങ്ങനെ:

- ✓ **സുരക്ഷിതമായ കടൽയാത്രക്കും പ്രവർത്തനങ്ങൾക്കും വേണ്ടി കഴിവുള്ള ഒരു കപ്പിത്താന്റെ കൈയിലായിരിക്കണം കപ്പലിന്റെ നിയന്ത്രണം.**

  ഇത് ഇനിപ്പറയുന്നവയും നൽകുന്നു:

- ✓ **സുരക്ഷയും ആരോഗ്യവും ഉറപ്പാക്കാൻ മത്സ്യതൊഴിലാളികൾക്ക് മതിയായ ദൈർഘ്യമുള്ള വിശ്രമസമയം നൽകുന്നു.**

  യോഗ്യതയുള്ള മത്സ്യതൊഴിലാളികളെ വഹിക്കാൻ വലിയ കപ്പലുകളാണ് ഉടമ്പടി ആവശ്യപ്പെടുന്നത്. കൂടുതൽകാലം കടലിൽ തുടരുന്ന കപ്പലുകൾക്ക് ഇത് കൂടുതൽ കർശനമായ ആവശ്യകതകൾ സജ്ജമാക്കുന്നു. എന്നിട്ടും കപ്പലുകളുടെ പെട്ടെന്നുള്ള സുരക്ഷ, അല്ലെങ്കിൽ കൂടുതൽ മീൻ കിട്ടുമ്പോൾ, അതുപോലെ അപകടത്തിൽപെട്ട മറ്റൊരു കപ്പലിനെ സഹായിക്കേണ്ടിവരുമ്പോൾ കപ്പിത്താൻ തൊഴിലാളികൾക്ക് കൂടുതൽ സമയം ജോലി നൽകുകയാണെങ്കിൽ അതിനനുസരിച്ച് വിശ്രമവും പിന്നീട് നൽകേണ്ടതാണ്. കൂടാതെ മത്സ്യതൊഴിലാളി പ്രതിനിധികളെയും, കപ്പൽ ഉടമകളെയും സമീപിച്ച് ജോലിസമയം, വിശ്രമസമയം, കപ്പലിന്റെ നിയന്ത്രണം എന്നിവയുടെ ക്രമീകരണം ആരോഗ്യത്തെയും സുരക്ഷയെയും ദുർബലപ്പെടുത്താത്തവിധത്തിൽ ക്രമീകരിക്കാൻ ഉടമ്പടി അനുവദിക്കുന്നു.



# കരാർ ഉടമ്പടിയും പുനരധിവാസവും

ഏതൊരു തൊഴിലാളിക്കും അവർ സ്വീകരിച്ച തൊഴിൽ ബന്ധത്തിന്റെ സ്വഭാവം വ്യക്തമായി മനസ്സിലാക്കേണ്ടത് പ്രധാന മാണ്, ഉടമ്പടി ഇത് വ്യവസ്ഥ ചെയ്യുന്നു:

- ✓ **ഉടമ്പടിയിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള എളുപ്പം മനസ്സിലാക്കാവുന്ന വിധത്തിലുള്ള ഒരു ഔദ്യോഗിക കരാർ കപ്പലിൽ പണിയെടുക്കുന്ന മത്സ്യതൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നുണ്ട്.**

  ഉടമ്പടിയിലേക്കുള്ള ഒരു അനുബന്ധം അത്തരമൊരു കരാറിന്റെ ഏറ്റവും കുറഞ്ഞ വിശദാംശങ്ങൾ വ്യക്തമാക്കുന്നു.

  വർദ്ധിച്ച അളവിൽ ആഗോളവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഈ മേഖലയിൽ വീട്ടിൽനിന്ന് വളരെ ദൂരെമാറി ജോലിയെടുക്കുമ്പോൾ അവരുടെ കരാർ കാലഹരണപ്പെടുമ്പോൾ അല്ലെങ്കിൽ ന്യായമായ കാരണങ്ങളാൽ നാട്ടിലേക്ക് മടങ്ങേണ്ടതുണ്ടാകാം. ഇത്തരം സാഹചര്യങ്ങളിൽ നാട്ടിലേക്ക് പോകാനുള്ള അവകാശവും അത്തരം മടക്കിക്കൊണ്ടുപോകൽ സാധാരണയായി കപ്പൽഉടമയുടെ ചെലവിൽ ആയിരിക്കണമെന്നും ഉടമ്പടിയിൽ പറഞ്ഞിരിക്കുന്നു. കപ്പൽ ഉടമ തന്റെ ചുമതല നിർവ ഹിക്കുന്നതിൽ പരാജയപ്പെട്ടാൽ പതാക രാജ്യം ഇടപെടു കയും കപ്പൽ ഉടമയിൽനിന്ന് ചിലവുകൾ വീണ്ടെടുക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

  മത്സ്യബന്ധന മേഖലയിലെ മത്സ്യതൊഴിലാളികളെ നിയമിക്കുന്നത് സ്വകാര്യ ഏജൻസികൾ വഴിയാണെന്നും അത്തരം സാഹചര്യങ്ങളിൽ ആത്യന്തികമായി എല്ലാ പ്രവർത്തനങ്ങൾക്കും മത്സ്യബന്ധന കപ്പലിന്റെ ഉടമയുടെ ഉത്തരവാദിത്വമാണ് എന്ന് ഉടമ്പടി വ്യക്തമാക്കുന്നു. (ഉദാ: മത്സ്യതൊഴിലാളികൾക്ക് പണം നൽകൽ അവരെ ആവശ്യമെങ്കിൽ തിരിച്ചയക്കുക, വൈദ്യസഹായം നൽകുക) ഒപ്പം കപ്പലിനെതിരെ ഒരു അവകാശവാദവും മത്സ്യതൊഴിലാ ളികൾ ഉന്നയിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

മത്സ്യതൊഴിലാളികളുടെ തൊഴിൽ കരാറിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ ഉടമ്പടിയുടെ അനുബന്ധം 11ൽ കൊടുത്തിരി ക്കുന്നു. എങ്ങനെയാണ് മത്സ്യ ത്തൊഴലാളികൾക്ക് കൂലി നൽകേണ്ടത് എന്നത് ഉൾപ്പെടെ (കാശായിട്ടു നൽകണമോ, പിടിച്ച മീനിന്റെ പങ്ക് നൽകണമോ, അല്ലെങ്കിൽ ഇതു രണ്ടും ചേർത്ത് നൽകണമോ), കരാർ വ്യവസ്ഥകൾ, വാർഷിക അവധിയുടെ തുക, രോഗം, പരുക്ക് എന്നിവയിൽ നിന്നുള്ള സംരക്ഷണം, മരണം, മറ്റ് അത്യാവശ്യ കാര്യങ്ങൾ.



# മത്സ്യബന്ധന ഉടമ്പടിയെ അടുത്തറിയുമ്പോൾ

## താമസവും ഭക്ഷണവും

ഉടമ്പടി അനുബന്ധം III താമസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. ആസൂത്രണവും നിയന്ത്രണവും, രൂപകൽപ്പന, നിർമ്മാണം, ബെഡ്റൂം ഇൻസുലേഷൻ, വെന്റിലേഷൻ, ചൂടാക്കൽ, ലൈറ്റിംഗ്, ശബ്ദവും വൈബ്രേഷനും, രോഗികൾക്കും പരിക്കേറ്റ മത്സ്യതൊഴിലാളികൾക്കുമുള്ള സൗകര്യങ്ങൾ. ചില രാജ്യങ്ങൾ മത്സ്യബന്ധനം നിയന്ത്രിക്കുന്നത് കപ്പലിന്റെ നീളം എന്നതിനെക്കാൾ മൊത്തം ടൺ (ആന്തരിക ശേഷി) ഉപയോഗിച്ചാണ്.

മീൻപിടുത്തത്തിലെ ജോലി ശുപാർശകൾ താമസ സൗകര്യങ്ങളുടെ അധിക മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്.

പല മത്സ്യതൊഴിലാളികൾക്കും കപ്പൽ അവരുടെ തൊഴിലിടം മാത്രമല്ല, അവർ ദീർഘകാലം താമസിക്കുന്ന സ്ഥലം കൂടിയാണ്. കടലിൽ ആയിരിക്കുമ്പോൾ മാത്രമല്ല ചിലപ്പോൾ തുറമുഖത്തായിരിക്കുമ്പോഴും. താമസസ്ഥലം കുറക്കാനുള്ള സമ്മർദ്ദങ്ങൾ മിക്കപ്പോഴും കൂടുതൽ ഉപകരണങ്ങളും കപ്പലിന്റെ വലിപ്പത്തിന് സാധ്യമായത്രയും മത്സ്യങ്ങൾ കൊണ്ടുപോകാനുള്ള ശ്രമത്തിന്റെ ഫലമായി കപ്പലിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുന്ന അവസ്ഥയിലേക്ക് നയിച്ചേക്കാം. ഇത് മത്സ്യതൊഴിലാളികളുടെ നിയമനത്തെയും നിലനിർത്തിനെയും ബാധിക്കും.

മത്സ്യബന്ധന കപ്പലുകളിൽ തൊഴിലാളികളുടെ താമസത്തിന് മതിയായ ഇടമുണ്ടായിരിക്കണം. മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഉചിതമായ താമസം സുരക്ഷയെയും ആരോഗ്യത്തെയും നേരിട്ട് ബാധിക്കുന്നു.

എന്നിരുന്നാലും ഉടമ്പടി അംഗീകരിക്കുന്നതെന്തെന്നാൽ എന്താണോ വലിയ കപ്പലുകൾക്ക് ഉചിതമായത് അത് ചെറിയ ബോട്ടുകൾക്ക് അല്ലെങ്കിൽ കടലിൽ കൂടുതൽ സമയം ചിലവഴിക്കാത്ത ബോട്ടുകൾക്ക് ഉചിതമാകണമെന്നില്ല. അതിനാൽ ഉടമ്പടി വഴക്കമുള്ളതാണ്. വലിയ കപ്പലുകളുടെ കിടപ്പുമുറിയുടെ അളവുകളെക്കുറിച്ച് എടുത്തു പറയുമ്പോൾ ചെറിയ ബോട്ടുകളെപ്പറ്റി പ്രതിപാദിക്കുന്നില്ല. പുതിയ കപ്പലുകളുടെ കിടപ്പുമുറികൾക്ക് നിർദ്ദിഷ്ട അളവുകൾ ബാധകമാണ് പക്ഷെ ഇതിനകം സേവനത്തിലുള്ളവയ്ക്ക് ഇത് ബാധകമല്ല.

ഭക്ഷണം ശ്രദ്ധിക്കേണ്ട ഒരു പ്രധാന പ്രശ്നമാണ്. ഉടമ്പടിയിൽ പറയുന്നത്:

- ✓ **കപ്പലിൽ കൊണ്ടുപോയി വിളമ്പുന്ന ഭക്ഷണം മതിയായ അളവിലും പോഷകമൂല്യവും, ഗുണമേൻമയുള്ളതുമായിരിക്കണം.**

  കുടിവെള്ളം മതിയായ അളവിലും ഗുണനിലവാരത്തിലും നൽകുന്ന പണത്തിന് അനുയോജ്യമായിരിക്കണമെന്നും ഉടമ്പടി നിഷ്കർശിക്കുന്നു.

# സുരക്ഷയും ആരോഗ്യവും

മത്സ്യതൊഴിലാളികൾ അവരുടെ ജോലിയുടെ ഫലമായി പ്രത്യേക അപകടങ്ങളെ അഭിമുഖീകരിക്കുന്നു. അപകട സാധ്യതകളിൽ ഇവ ഉൾപ്പെടുന്നു: മത്സ്യബന്ധനകപ്പൽ തകരാനുള്ള സാധ്യത അല്ലെങ്കിൽ തകിടം മറിയുക; കപ്പലിൽ തീയും സ്ഫോടനവും; കപ്പലിനകത്ത് ശക്തമായ തിരയടിച്ചുകയറി, അല്ലെങ്കിൽ കാലിടറിവീഴുക, കപ്പലിന്റെ ആട്ടത്തിൽ കടലിൽ വീഴുക അതുമല്ലെങ്കിൽ വഴുതി കടലിൽ വീഴുക, അല്ലെങ്കിൽ ഭാരമുള്ളതോ അപകടകരമായതോ, സുരക്ഷാകവചങ്ങൾ ഇല്ലാത്തതോ ആയ ഉപകരണങ്ങളിൽനിന്ന് പരിക്ക് പറ്റുക (ഉദാ: സുരക്ഷിതമല്ലാത്ത യന്ത്രപ്പിടികൾ (winch); ഇടുങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്യുമ്പോഴുണ്ടാകുന്ന ശ്വാസംമുട്ടൽ; മറ്റ് പല അപകടങ്ങളും.

മത്സ്യതൊഴിലാളികൾ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണ്, ഉദാ: ചർമ്മത്തിനുള്ള പ്രശ്നങ്ങൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ അല്ലെങ്കിൽ ശബ്ദം അതുപോലെ കമ്പനം (vibration) കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ, ഉപ്പുവെള്ളം തട്ടിയുണ്ടാകുന്ന പരുക്കൾ അതുപോലെ മീൻ, മറ്റു സമുദ്രജീവികളെ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന അലർജിയും സാധാരണമാണ്.

അതിനാൽ ആരോഗ്യവും സുരക്ഷയും സംരക്ഷിക്കാനുള്ള നിയമങ്ങളും ചട്ടങ്ങളും മറ്റു നടപടികളും ഉറപ്പാക്കുന്നതിനുള്ള സ്ഥാനം രാജ്യങ്ങൾക്ക് ഉണ്ടെന്ന് ഉറപ്പാക്കാനാണ് ഉടമ്പടി ലക്ഷ്യമിടുന്നതും, അതുപോലെ മത്സ്യബന്ധന കപ്പലുകളിൽ ഒരു സുരക്ഷാസംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും, മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളും പരിശീലനവും നൽകേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു.

അപകടങ്ങളെക്കുറിച്ച് വിവരം അറിയിച്ചത് അന്വേഷിക്കേണ്ടതാണ്. മീൻപിടുത്ത കപ്പലുകളിൽ വൈദ്യശുശ്രൂഷാ ഉപകരണങ്ങൾ ഉണ്ടായിരിക്കണം അതുപോലെ കപ്പലിൽ ഒരാളെങ്കിലും പ്രഥമശുശ്രൂഷയിൽ പരിശീലനം നേടിയിരിക്കണം. ഗുരുതരമായ പരുക്കുകൾ പറ്റിയാൽ അല്ലെങ്കിൽ രോഗം വന്നാൽ വൈദ്യചികിത്സയ്ക്കായി ഉടനടി കരയിലേക്ക് കൊണ്ടുവരാനുള്ള അവകാശം മത്സ്യതൊഴിലാളികൾക്കുണ്ട്.

വലിയ കപ്പലുകൾക്കും മൂന്ന് ദിവസത്തിലധികം കടലിൽ താമസിക്കുന്നവയ്ക്കും കൂടുതൽ നടപടികളുണ്ട്.

സ്വന്തം സുരക്ഷ ഉറപ്പാക്കുന്നതിൽ മത്സ്യതൊഴിലാളികൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ടെന്ന് ഉടമ്പടി അംഗീകരിക്കുന്നു. അപകട സാധ്യതകളുടെ തീവ്രതയും ആവൃത്തിയും തിരിച്ചറിയുകയും ഈ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതും മത്സ്യതൊഴിലാളികളുടെ ചുമതലകളിൽ ഉൾപ്പെടുന്നു. ഇതിൽ ഉൾപ്പെട്ടത്:

- ✔ **മീൻപിടുത്തവുമായി ബന്ധപ്പെട്ട അപകടങ്ങളുടെ വിലയിരുത്തൽ മത്സ്യതൊഴിലാളികൾ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടെ പങ്കാളിത്തത്തോടെ നടത്തേണ്ടതാണ്.**

മത്സ്യ ബന്ധന തൊഴിൽ ഉടമ്പടി മത്സയബന്ധന മേഖലയിലെ സുരക്ഷാ പ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും കൂടുതൽ മാർഗ്ഗനിർദ്ദേശം നൽകുന്നു. രാജ്യങ്ങൾ അഭിസംബോധന ചെയ്യേണ്ട അപകടം വിലയി രുത്തുന്ന, തൊഴിൽ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച സാങ്കേതിക സവിശേഷതകൾ എന്നിവ ഉൾപ്പെട്ടതാണ് ഈ മാർഗ്ഗനിർദ്ദേശം. ഐഎൽഒയും അതുപോലെ ഐക്യരാഷ്ട്ര സഭയുടെ ലോക ഭക്ഷ്യ കാർഷിക സംഘടനയും (FAO), അന്താ രാഷ്ട്ര മാരിടൈം സംഘടനയും (IMO) ലോകാരോഗ്യ സംഘടന യും (WHO) വികസിപ്പിച്ച മറ്റ് പ്രസിദ്ധീകരണങ്ങളുമായും ഈ മാർഗ്ഗനിർദ്ദേശം ബന്ധിപ്പിക്കുന്നു.

# ഉടമ്പടിയെ അടുത്തറിയുമ്പോൾ


## സാമൂഹിക സുരക്ഷാ പരിരക്ഷണം

ജോലിയുടെ പ്രത്യേക സ്വഭാവം കാരണം പല രാജ്യങ്ങളിലെ മത്സ്യതൊഴിലാളികൾക്കും മറ്റുതൊഴിലാളികളെപോലെ പലപ്പോഴും സാമൂഹ്യ സുരക്ഷാ പരിരക്ഷ ലഭിക്കുന്നില്ല. അത്തരം സംരക്ഷണത്തിന്റെ അഭാവം മത്സ്യതൊഴിലാളികളുടെയും അവരുടെ കുടുംബത്തിന്റെയും ദാരിദ്രവൽക്കരണത്തിന് കാരണമായേക്കാം. സാമൂഹ്യ സുരക്ഷാ പരിരക്ഷയുടെ ഗുണം ലഭിക്കാത്ത മത്സ്യതൊഴിലാളികൾക്ക് മത്സ്യശേഖരം കുറയുന്ന സാഹചര്യത്തിലും മത്സ്യബന്ധനം തുടർന്നുകൊണ്ടിരിക്കാൻ തോന്നിയേക്കാം.

മത്സ്യബന്ധന മേഖലയുടെ ആഗോളവൽക്കരിക്കപ്പെട്ട സ്വഭാവം അവരുടെ സ്വന്തം രാജ്യം ഒഴികെയുള്ള രാജ്യങ്ങളുടെ പതാക വഹിക്കുന്ന കപ്പലുകളിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. മിക്കപ്പോഴും ഈ മത്സ്യതൊഴിലാളികൾക്ക് അവരുടെ സ്വന്തം സാമൂഹിക സുരക്ഷാസംവിധാനം അല്ലെങ്കിൽ പതാക രാജ്യത്തിന്റെ സംവിധാനം ഉപയോഗിക്കാനോ പ്രയോജനം നേടാനോ കഴിയില്ല. സർക്കാരുകളുടെ ആവശ്യകത അനുസരിച്ച് ഉടമ്പടി ഈ വിഷയത്തെ നേരിടുന്ന, ഇനി പറയുന്നത് ഉറപ്പാക്കാൻ:

- ✓ **മത്സ്യതൊഴിലാളികൾക്ക് സാധാരണ അവരുടെ പ്രദേശത്ത് താമസിക്കുന്ന അവരുടെ ദേശീയ നിയമത്തിൽ നൽകിയിരിക്കുന്ന പരിധിവരെ സാമൂഹ്യ സുരക്ഷാ പരിരക്ഷയിൽ നിന്ന് മറ്റു തൊഴിലാളികളെപ്പോലെ പ്രയോജനം നേടാൻ അർഹതയുണ്ട്.**

  കൂടാതെ രാജ്യങ്ങൾ ഒന്നിച്ച് പ്രവർത്തിച്ച് ഉഭയകക്ഷി ബഹുകക്ഷി കരാറുകൾവഴി മത്സ്യതൊഴിലാളികളുടെ രാജ്യമോ അല്ലെങ്കിൽ താമസസ്ഥലമോ പരിഗണിക്കാതെ അവർക്ക് സമഗ്രമായ സാമൂഹ്യ സുരക്ഷാ പരിരക്ഷ ഉറപ്പാക്കണം.



ജോലി സംബന്ധമായ അസുഖം, പരിക്ക് അല്ലെങ്കിൽ മരണം എന്നിവയിൽനിന്ന് മത്സ്യതൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ രാജ്യങ്ങൾ നടപടി എടുക്കണം. ഉചിതമായ വൈദ്യപരിചരണത്തിനും ഉചിതമായ നഷ്ടപരിഹാരത്തിനും മത്സ്യതൊഴിലാളികൾക്ക് വഴി ഉണ്ടായിരിക്കണം. മത്സ്യബന്ധന കപ്പലുടമ വഴി, നിർബന്ധിത തൊഴിൽ ഇൻഷുറൻസ് അല്ലെങ്കിൽ മറ്റെന്തെങ്കിലും പദ്ധതി വഴി തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി അവരുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

അപര്യാപ്തമായ സ്ഥാപനങ്ങൾ അല്ലെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള രാജ്യങ്ങൾക്ക് ചില അയവുകൾ നൽകിയിട്ടുണ്ട്. ദേശീയതലത്തിൽ അത്തരം വ്യവസ്ഥകളുടെ അഭാവത്തിൽ മത്സ്യതൊഴിലാളികളുടെ വൈദ്യപ രിരക്ഷ, ആരോഗ്യസംരക്ഷണം, സുരക്ഷ മുതലായവയുടെ ഉത്തരവാദിത്വം കപ്പൽ ഉടമയിലാണ് നിക്ഷിപ്തമായിരിക്കുന്നത്.



# സ്ഥിതീകരണവും നടപ്പാക്കലും

ഐഎൽഒയുടെ ഭരണഘടനയ്ക്ക് അനുസൃതമായി, അംഗരാജ്യ ങ്ങൾ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ നിയമ നിർമ്മാണം അല്ലെങ്കിൽ മറ്റ് നടപടികൾ അന്താരാഷ്ട്ര തൊഴിൽ കാര്യാലയത്തിലെ ഡയറക്ടർ ജനറലിനെ അറിയിക്കുക. സ്ഥിതീകരണം സ്വമേധയാ അവലംബിക്കാൻ ഉള്ളതാണ്.

മത്സ്യബന്ധനത്തിലെ തൊഴിൽ ഉടമ്പടിയെ വഴക്കമുള്ളതായി മനപ്പൂർവ്വം രൂപകൽപ്പന ചെയ്യാനുള്ള കാരണം പരമാവധി രാജ്യ ങ്ങൾ ഇത് അംഗീകരിക്കുന്നത് ഉറപ്പാക്കാൻ വേണ്ടിയാണ്. രാജ്യത്ത് നിലവിലുള്ള നിയമങ്ങളിലൂടെ അല്ലെങ്കിൽ മറ്റു നടപടികളിലൂടെ ഇത് നടപ്പാക്കാം (കൂട്ടായ്മ പോലുള്ള കരാറുകളിലൂടെ).

ഉടമ്പടിയിലുടനീളം വലിയ കപ്പലുകൾക്ക് അല്ലെങ്കിൽ ദീർഘ കാലത്തേക്ക് കടലിൽ കഴിയുന്നവർക്ക് ബാധകമായ വ്യവസ്ഥ കളാണ്. ചെറിയ കപ്പലുകൾക്കും അതുപോലെ കുറച്ച് ദിവസങ്ങൾ മാത്രം കടലിൽ തങ്ങുന്ന ബോട്ടുകൾക്കും ചെറിയ തോതിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.


രാജ്യങ്ങൾക്ക് തുടക്കത്തിൽ ചിലതരം ബോട്ടുകളെയോ മറ്റ് മീൻ പിടുത്ത യാനങ്ങളെയോ ഒഴിവാക്കാനായി തിരഞ്ഞെടുക്കാം (ഉദാ ഹരണത്തിന് തടാകങ്ങൾ, നദികൾ, കനാലുകൾ തുടങ്ങിയ ഉൾന ാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവർ)

ചില രാജ്യങ്ങൾക്ക് അവരുടെ സ്ഥാപനങ്ങളും അടിസ്ഥാന സൗക ര്യങ്ങളും ഇതുവരെ വേണ്ടത്ര വികസിക്കാത്തതുകാരണം എല്ലാ ആവശ്യകതകളും നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകാം എന്ന വസ്തുത മത്സ്യബന്ധനത്തിലെ തൊഴിൽ ഉടമ്പടി കണക്കിലെടുക്കുന്നു. ഉടമ്പടിയിലെ ചില വ്യവസ്ഥകൾ ക്രമേണ നടപ്പി ലാക്കാൻ അത്തരം രാജ്യങ്ങളെ ചട്ടം നാല് അനുവദിക്കുന്നു.

മറ്റ് ഐഎൽഒ ഉടമ്പടികൾ പോലെ, മത്സ്യബന്ധനത്തിലെ തൊഴി ലുടമ്പടി അംഗീകരിക്കാനായി തിരഞ്ഞെടുക്കുന്ന രാജ്യങ്ങൾ അവരുടെ സ്വന്തം നിയമങ്ങൾ അവലോകനം ചെയ്യേണ്ടതുണ്ട്, പ്രത്യേകിച്ചും മത്സ്യബന്ധന വ്യവസായത്തെ ബാധിക്കുന്ന നിയന്ത്രണങ്ങളും മറ്റ് നടപടികളും അവ ഉടമ്പടിക്ക് അനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

നിയന്ത്രണങ്ങൾ പാലിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉടമ്പടി ആവ ശ്യപ്പെടുന്നു. ഇവ പരിശോധന യുടെ, വിവരം അറിയിക്കലിന്റെ ആവശ്യകതകൾ, നിരീക്ഷണം, പരാതി നടപടിക്രമങ്ങൾ, പിഴകൾ പിന്നെ തിരുത്തൽ നടപടികൾ എന്നിവയുടെ രൂപം എടുക്കുന്നു.

ഐഎൽഒ, പ്രത്യേകിച്ചും അന്താരാ ഷ്ട്ര തൊഴിൽ മാനദണ്ഡങ്ങളുടെ വിഭാഗവും അതിന്റെ ലോകമെമ്പാ ടുമുള്ള കാര്യലയങ്ങളിലുള്ള തൊഴിൽ മാനദണ്ഡ വിദഗ്ദ്ധരും ഉടമ്പടിയും ശുപാർശകളും നടപ്പിലാക്കുന്നതിനുള്ള നിയമ നിർമ്മാണത്തിന്റെ കരട് തയ്യാറാക്കുന്നതിന് സഹായിക്കുന്നു.



# കൂടിയാലോചനകൾവഴി നടപ്പാക്കൽ

ഐഎൽഒ അംഗരാജ്യങ്ങൾ ഉടമ്പടിയിലെ ശുപാർശയും, അവയുടെ വ്യവസ്ഥകളും എങ്ങനെ നടപ്പാക്കാം എന്നു ചർച്ച ചെയ്യുന്നതിനുവേണ്ടി ചർച്ചായോഗങ്ങളോ (seminar) പരിശീലനക്കളരികളോ (workshop) നടത്തുന്നത് പരിഗണിക്കാൻ ആഗ്രഹിക്കുന്നുണ്ടാവാം. ഔപചാരികമായ സ്ഥിതീകരണ പ്രക്രിയകൾ നടക്കുന്നതിനായി കാത്തിരിക്കാതെതന്നെ ഈ സാമൂഹിക സംഭാഷണങ്ങൾ നേരിട്ട് നടക്കാം.

മത്സ്യബന്ധനത്തിലെ തൊഴിലുടമ്പടി കേവലം സർക്കാർ ഉദ്യോഗസ്ഥർ അല്ലെങ്കിൽ നിയമസഭാംഗങ്ങൾ എന്നിവരുടെ ആശങ്കയ്ക്ക് വേണ്ടിയുള്ളതല്ല.

ഉടമ്പടി ഏറ്റവും അധികം നേരിട്ട് ബാധിച്ച ആളുകൾക്ക് അതിന്റെ നടപ്പാക്കലിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഉടമ്പടിയിൽ ഉടനീളം സർക്കാരുകൾ കൂടിയാലോചന നടത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നു. ഈ കൂടിയാലോചനയെ തൊഴിലുടമകും തൊഴിലാളി സംഘടനകളും, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാക്കി ഉടമ്പടി നിർവ്വചിക്കുന്നു.

കൂടിയാലോചനയും നടപ്പാക്കൽ പ്രക്രിയകളും ഏകോപിപ്പിക്കുന്നതിന് ചുമതലയുള്ള യോഗ്യതയുള്ള അധികാരിയെയോ അധികാരികളേയോ നിയമിക്കാൻ സർക്കാരുകളോട് ഉടമ്പടി ആവശ്യപ്പെടുന്നു. മത്സ്യബന്ധന മേഖലയിലെ ബന്ധപ്പെട്ട അധികാരികളെ ദേശീയ, പ്രാദേശിക തലങ്ങളിൽ ഏകോപിപ്പിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണം. തൊഴിൽ, മത്സ്യബന്ധനം, സമുദ്ര സുരക്ഷ എന്നിവയ്ക്ക് ഉത്തരവാദികളായ ഏജൻസികൾ ഇതിൽ ഉൾപ്പെടാം.



# ഉടമ്പടി എങ്ങനെ ഫലപ്രദമാകും



മത്സ്യബന്ധനത്തിലെ തൊഴിലുടമ്പടി അംഗീകരിക്കുന്ന രാജ്യങ്ങളുടെ പതാക പറത്തുന്ന മത്സ്യബന്ധനകപ്പലുകൾ ഉടമ്പടി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ‘‘അംഗീകൃത സംഘടനകളുടെ’’ ചുമതലയിലും സഹായത്തിലും ഇതിന് ഉചിതമായ പരിശോധനാ സംവിധാനങ്ങൾ ആവശ്യമാണ്. വ്യവസ്ഥകളെക്കുറിച്ചുള്ള പരാതികൾ പിന്തുടരുന്നതിനുള്ള നടപടിക്രമങ്ങളും ആവശ്യമാണ്, ഉദാഹരണത്തിന് മത്സ്യതൊഴിലാളികളിൽനിന്ന്.

ഇത് അംഗീകരിക്കുന്ന രാജ്യങ്ങൾ തങ്ങളുടെ തുറമുഖം സന്ദർശിക്കുന്ന വിദേശമത്സ്യബന്ധനകപ്പലുകൾ (ഉടമ്പടി അംഗീകരിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ നിന്നുള്ളവർപോലും) മത്സ്യതൊഴിലാളികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും ഹാനികരമായ അവസ്ഥയുള്ള കപ്പലുകളെ തടഞ്ഞുവെക്കാമെന്നും ഉടമ്പടിയിൽ പറയുന്നു ("port state control").

മത്സ്യബന്ധന കപ്പൽ ഉടമകളുടെ പ്രയോജനത്തിനായി ഉടമ്പടി പ്രവർത്തിക്കാം. ഉടമ്പടി നിബന്ധനകൾ പാലിക്കുന്നതിനായി പരിശോധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന ഒരു രേഖ വലിയ മത്സ്യബന്ധന കപ്പലുകൾ വഹിക്കും. ഈ രേഖ കൈവശമുള്ളത് വിദേശ തുറമുഖങ്ങൾ സന്ദർശിക്കുമ്പോൾ നടപടിക്രമങ്ങൾ കൂടുതൽ എളുപ്പമാക്കും: ഉടമ്പടി അംഗീകരിച്ച രാജ്യങ്ങളുടെ പതാക പറക്കുന്ന കപ്പലുകളുടെ ഉടമകൾക്ക് ഇതൊരു നേട്ടമാണ്.

# കൂടുതൽ വിവരങ്ങൾ എവിടെ നിന്ന് ലഭിക്കും

ഈ ലഘുലേഖ തയ്യാറാക്കിയത് ഐഎൽഒയുടെ സെക്ടറൽ ആക്റ്റിവിറ്റീസ് ബ്രാഞ്ചാണ്, അത് സാമ്പത്തിക പ്രവർത്തനത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടെ എല്ലാ മേഖലകളിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു (ഉദാ: മത്സ്യബന്ധനം, ഖനനം, കൃഷി, നിർമ്മാണം).

ഐഎൽഒ വെബ് പേജുകളിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്. http://www.ilo.org/public/english/dialogue/sector/sectors/mariti/fishing-iloact.htm

അല്ലെങ്കിൽ കൂടുതൽ എളുപ്പത്തിനായി സന്ദർശിക്കുക: www.ilo.org/sector (തുടർന്ന് ഇടത് നിരയിലെ ''ഷിപ്പിംഗ് തുറമുഖങ്ങൾ, മത്സ്യബന്ധനം, ഉൾനാടൻ ജലപാതകൾ'' ക്ലിക് ചെയ്യുക).

മത്സ്യബന്ധനത്തിന് പ്രത്യേക ഉത്തരവാദിത്വമുള്ള ഐഎൽഒയുടെ ഹെഡ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ഇവിടെ ലഭ്യമാണ്. ഉടമ്പടിയിലും ശുപാർശയിലും അഭിസംബോധന ചെയ്യാനോ നിർദ്ദിഷ്ട വിഷയങ്ങളിൽ നിങ്ങളെ നേരിട്ട് സഹായിക്കാനോ വിദഗ്ദ്ധരുമായി ബന്ധപ്പെടാനോ ഈ ഉദ്യോഗസ്ഥർക്ക് കഴിയും.

ഉടമ്പടിയുടെ ഉള്ളടക്കവും ശുപാർശകളും ഇവിടെ ലഭ്യമാണ്: www.ilo.org/normes.

നിങ്ങളെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധ സാങ്കേതിക ജീവനക്കാരുള്ള ഐഎൽഒയ്ക്ക് ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഫീൽഡ് കാര്യാലയങ്ങൾ ഉണ്ട്. പ്രാദേശിക കാര്യാലയങ്ങളുടെ പൂർണ്ണമായ പട്ടിക ഇവിടെ ലഭ്യമാണ്:

http://www.ilo.org/global/departments-offices/lang-en/index.htm

*‘WORK IN FISHING CONVENTION No. 188*
*Recommendation No. 199’*

*Malayalam Translation: Dr M P Remesan, ICAR-CIFT, Kochi*
*Translated and Printed by the Bay of Bengal Programme*
*Inter-Governmental Organisation*
*December 2020*





Sectorial Activities Branch
Social Dialogue, Labour Law, Labour Administration and Sectorial Activities Department
International Labour Office
4, route des Morillons - CH-1211 Geneva 22
Switzerland
Telephone: + 41 22 799 7501
Fax: +41 22 799 7050
E-mail: sector@ilo.org
www.ilo.org

978-92-2-120869-3
12/2007
Photos C ILO - Ministry of Maritime Affairs and Fisheries, Republic of Korea, Rene Lubberaink - Klaas Lingbeekvan Kranen - Joe Gaugh
Design www.paprika-annecy.com